## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1549 | | 10.02.2020-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **അമൃത് പദ്ധതി** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.പി.കെ.ബഷീർ** | | **എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാനത്ത് കേന്ദ്ര സഹായത്തോടെ നടത്തുന്ന അമൃത് പദ്ധതി ഏതൊക്കെ കോർപ്പറേഷനിലും മുൻസിപ്പാലിറ്റിയിലുമാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ; | (എ) | നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് കേരളത്തിലെ 6 (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ) കോർപ്പറേഷനുകളിലും 3 (ആലപ്പുഴ, ഗുരുവായൂർ, പാലക്കാട്) മുനിസിപ്പാലിറ്റികളിലുമായാണ് നടപ്പിലാക്കി വരുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | അഞ്ച് മേഖലകളിലായാണ് (സെക്ടറുകൾ) അമൃത് പദ്ധതി നടപ്പിലാക്കുന്നത്.<br>➢ ശുദ്ധജല വിതരണം<br>➢ സിവറേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ്<br>➢ സ്റ്റോം വാട്ടർ ഡ്രെയിനേജ്<br>➢ അർബൻ ട്രാൻസ്പോർട്ട് (നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട്)<br>➢ പാർക്ക് ആന്റ് ഓപ്പൺ സ്പെയിസ്<br>◆ 2357.66 കോടി രൂപയുടെ ആകെ 1025 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു.<br>◆ ഈ പദ്ധതികൾക്ക് 2262.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>◆ ഇതിൽ 1021 പദ്ധതികൾക്ക് 2134.36 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്.<br>◆ 2125.95 കോടി രൂപയുടെ 1020 പദ്ധതികൾ ടെന്റർ ചെയ്തു<br>◆ 1669.01 കോടി രൂപയുടെ 962 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തു.<br>◆ 155.34 കോടി രൂപയുടെ 351 പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിച്ചു.<br>◆ 656.90 കോടി രൂപ നാളിതുവരെ ചെലവഴിച്ചു<br>അമൃത് പദ്ധതിയുടെ ഭാഗമായുള്ള കാര്യശേഷി വികസന പരിപാടിയിൽ വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ ജന പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുകയുണ്ടായി. മൂന്നു ഘട്ടങ്ങളിലായി നടത്തിയ പരിശീലന പരിപാടിയിൽ 2001 പേർക്ക് പരിശീലനം നൽകി. അമൃത് നഗരങ്ങളിൽ ജി.ഐ.എസ്. അടിസ്ഥാനത്തിലുള്ള നഗരാസൂത്രണത്തിനുള്ള നടപടികൾ സ്വീകരിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നു. കൂടാതെ തിരുവനന്തപുരം കോർപ്പറേഷനിൽ LAP & TIPS സംവിധാനവും ആസൂത്രണത്തിനായി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | അമൃത് പദ്ധതി പ്രകാരം ജലവിതരണം, അഴുക്കുചാൽ നിർമ്മാണം തുടങ്ങിയ മേഖലകളിൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതി കാലാവധി അവസാനിക്കുന്നതിന് മുമ്പ് പൂർത്തിയാക്കുവാൻ സാധിക്കുമോ; | (സി) | അമൃത് പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന സ്വീവറേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ് സെക്ടറിലെ പദ്ധതികളൊഴികെ ബാക്കി എല്ലാ പദ്ധതികളും പദ്ധതി കാലാവധിയായ 2020 മാർച്ച് 30 ന് പൂർത്തീകരിക്കുന്നതിനായുള്ള തീവ്രശ്രമങ്ങൾ നടന്നു വരുന്നു. കൂടാതെ കേന്ദ്ര നഗരകാര്യ മന്ത്രാലയവുമായി നടന്ന വീഡിയോ കോൺഫറൻസിൽ പദ്ധതി കാലാവധി 2 വർഷം കൂടി ദീർഘിപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ കീഴിൽ വിവിധ പ്രവൃത്തികൾക്കായി കൺസൾട്ടൻസി കരാർ നൽകിയിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ്; അറിയിക്കുമോ; | (ഡി) | കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത, നഗരസഭകളിലെ ശുദ്ധജല വിതരണം, സെപ്റ്റേജ്, സ്വീവറേജ് പദ്ധതികളുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കി നടപ്പിലാക്കുന്നത് കേരള വാട്ടർ അതോറിറ്റിയാണ്. നഗരസഭകൾ നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളിൽ അതാത് നഗരസഭകൾ ക്വട്ടേഷൻ/ദർഘാസ് മുഖേന തെരഞ്ഞെടുത്ത സ്ഥാപനങ്ങൾക്കാണ് കൺസൾട്ടൻസി നൽകിയിട്ടുള്ളത്. കൺസൾട്ടൻസി സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. അമൃത് പദ്ധതികൾക്കായി സർക്കാർ നേരിട്ട് കൺസൾട്ടൻസി കരാർ നൽകിയിട്ടില്ല. |
| (ഇ) | കൺസൾട്ടൻസിയ്ക്കായി ആകെ എത്ര തുകയാണ് നീക്കി വച്ചിട്ടുള്ളത്; | (ഇ) | കൺസൾട്ടൻസിക്കായി പ്രത്യേകം തുക നീക്കിവച്ചിട്ടില്ല. കൺസൾട്ടൻസിക്ക് ആവശ്യമായ തുക അമൃത് പദ്ധതിയുടെ ഭരണപരവും ഓഫീസ് ചെലവുകൾക്കുമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും നഗരസഭകൾക്ക് നൽകുന്നതാണ്. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നതൊഴികെ നഗരസഭകൾ നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾക്ക് ക്വട്ടേഷൻ/ദർഘാസ് മുഖേന തെരഞ്ഞെടുത്ത കൺസട്ടൻസിക്ക് നഗരസഭകൾ മുഖേനയാണ് തുക നൽകുന്നത്. |
| (എഫ്) | സർക്കാർ ഏജൻസികളെ ഒഴിവാക്കി സ്വകാര്യ ഏജൻസികൾക്ക് കരാർ നൽകുന്നതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് പദ്ധതി നടത്തിപ്പിൽ കൈവരിയ്ക്കാൻ കഴിഞ്ഞിട്ടുള്ളത്; വ്യക്തമാക്കാമോ? | (എഫ്) | സർക്കാർ സ്ഥാനങ്ങളെ ഒഴിവാക്കിയിട്ടില്ല. കേരള വാട്ടർ അതോറിറ്റി കൂടാതെ അതാത് നഗരസഭകൾ, ശുചിത്വമിഷൻ എം-പാനൽ ചെയ്ത സർക്കാർ/അർദ്ധ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷൻ/ദർഘാസ് മുഖേന ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ സ്ഥാപനങ്ങൾക്കാണ് കൺസൾട്ടൻസി നൽകിയത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**Consultants engaged Sector wise for Preparation of DPRs in Mission Cities**

| City | Consultant | Sector |
|---|---|---|
| **Trivandrum** | KITCO | Storm Water Drainage |
| | KITCO | Urban Transport |
| | RECYCLE BIN | Parks |
| **Kollam** | KITCO | Storm Water Drainage,Urban Transport, Parks |
| | Ram Biological | Sewerage /Septage |
| **Alappuzha** | GITPAC | Parks |
| | KITCO | Urban Transport |
| | KITCO | Storm Water Drainage |
| | Ram Biological | Sewerage /Septage |
| **Kochi** | KITCO | Storm Water Drainage |
| | KMRL | Urban Transport, Park |
| **Thrissur** | KITCO | Storm Water Drainage,Urban Transport |
| | Suresh Babu and Partners | Parks |
| | Ram Biological | Sewerage /Septage |
| **Guruvayur** | GITPAC | Water Supply, Parks |
| | ISA | Storm Water Drainage, Urban Transport |
| | Muralee Associates | Urban Transport |
| | Ram Biological | Sewerage |
| **Palakkad** | KITCO | Urban Transport |
| | ISA | Storm Water Drainage |
| | Ram Biological | Sewerage /Septage |
| | Structure India | Parks |
| **Kozhikode** | ISA | Storm Water Drainage |
| | Saleem Group | Parks |
| | Ram Biological | Sewerage /Septage |
| | KMRL | Urban Transport |
| **Kannur** | ISA | Storm Water Drainage, Urban Transport |
| | Suresh Babu and Partners | Parks |
| | KITCO | Urban Transport |
| | Ram Biological | Sewerage /Septage |

സെക്ഷൻ ഓഫീസർ